# മറ്റ് വികസന പരിപാടികൾ



## യൂത്ത് അവാർഡ്

ചിട്ടയായ പ്രവർത്തനങ്ങളിൽ കൂടി സമൂഹത്തിനാകെ മാതൃകയാകുന്ന നിരവധി യുവജനങ്ങൾ നമ്മുക്കിടയിലുണ്ട്. വിവിധതലങ്ങളിൽ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഈ യുവപ്രതിഭകളെ പുരസ്ക്കാരം നൽകി ആദരിക്കുന്നത് മഹത്തായ കാര്യമാണ്. ഈ സാഹചര്യത്തിൽ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹവും പ്രശംസനീയവുമായ പ്രകടനം കാഴ്ചവച്ച യുവജനങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു.

**അവാർഡ് നൽകുന്ന മേഖലകൾ** – സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തകൻ (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തക (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തകൻ (ദൃശ്യമാധ്യമം), മാധ്യമ പ്രവർത്തക (ദൃശ്യമാധ്യമം), കല, സാഹിത്യം (വനിത), സാഹത്യം (പുരുഷൻ), ഫൈൻ ആർട്സ്, കായികം (വനിത), കായികം (പുരുഷൻ), ശാസ്ത്രം (പുരുഷൻ), ശാസ്ത്രം (വനിത), സംരംഭകത്വം, കൃഷി, മികച്ച യൂത്ത് കോ-ഓർഡിനേറ്റർ, മികച്ച യുവാക്ലബ്ബ്, മികച്ച യൂത്ത് ക്ലബ്ബ്. മികച്ച യൂത്ത് ക്ലബ്ബിനുള്ള പുരസ്കാരവും മികച്ച യുവാക്ലബ്ബുകൾക്കുള്ള പുരസ്ക്കാരവും ജില്ലാതലങ്ങളിലും ഏർപ്പെടുത്തുന്നു.



## സ്പോർട്സ് കിറ്റ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ സംസ്ഥാനത്തുടനീളമുണ്ട്. പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. യുവാക്കളുടെ കായികശേഷി മെച്ചപ്പെടുത്തുന്നതിനായി ക്ലബ്ബുകൾ മുഖാന്തിരം അവർക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ (ഫുട്ബോൾ കിറ്റ്, വോളീബോൾ കിറ്റ്, ക്രിക്കറ്റ് കിറ്റ്, മറ്റുള്ളവ) വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

## യുവജന ദിനാഘോഷം

ദിനാചരണങ്ങൾ ഓർമ്മപ്പെടുത്തലുകളാണ്. കഴിഞ്ഞുപോയ കാലഘട്ടത്തിലെ പോരായ്മകൾ തിരിച്ചറിയുന്നതിനും ആശയസമ്പന്നമായ ഭാവിയെ രൂപപ്പെടുത്തുന്നതിനും ദിനാചരണങ്ങൾ സഹായിക്കുന്നു. യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ദേശീയ യുവജനദിനാഘോഷവും (ജനുവരി 12) അന്തർദേശീയ യുവജനദിനാഘോഷവും (ആഗസ്റ്റ് 12) സമുചിതമായി ആഘോഷിക്കപ്പെടേണ്ടതാണ്. ദേശീയ അന്തർദേശീയ തലത്തിൽ യുവജനങ്ങൾ നേരിടുന്ന അവകാശ ലംഘനങ്ങളും തീവ്രവാദം ഉൾപ്പെടെയുള്ള വിപത്തുകൾ പൊതുചർച്ചക്ക് വിധേയമാക്കുവാനും സാമൂഹ്യ തികളിൽ നിന്നും അവരെ മുക്തരാക്കി സമഗ്രമായ പുരോഗതിയിലേക്ക് നയിക്കുവാനും വിവിധങ്ങളായ ദിനാചരണങ്ങൾക്ക് കഴിയുന്നു.